പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 7433 17/07/2012-ൽ മറുപടിക്ക്

## നഗരവികസനത്തിനുള്ള മാസ്റ്റർ പ്ലാനുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.അൻവർ സാദത്ത് :<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.വി.ഡി.സതീശൻ | | **ശ്രീ.മഞ്ഞളാംകുഴി അലി**<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) - |
| (എ) | നഗരവികസനത്തിനായുള്ള മാസ്റ്റർ പ്ലാനുകൾ ആരാണ് തയ്യാറാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | നഗരവികസനത്തിനായുള്ള മാസ്റ്റർ പ്ലാനുകൾ മുനിസിപ്പാലിറ്റികളും നഗര-ഗ്രാമാസൂത്രണ വകുപ്പും സംയുക്തമായാണ് തയ്യാറാക്കുന്നത്. മാസ്റ്റർ പ്ലാനുകളുടെ പ്ലാനിംഗ് ഏരിയ മുനിസിപ്പാലിറ്റിയുടെ പുറത്ത് വരുന്നെങ്കിൽ ആ പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ജോയിന്റ് ടൗൺ പ്ലാനിംഗ് കമ്മിറ്റി രൂപീകരിക്കുന്നു. തുടർന്ന് ഈ ജോയിന്റ് ടൗൺ പ്ലാനിംഗ് കമ്മിറ്റിയും നഗര-ഗ്രാമാസൂത്രണ വകുപ്പും കൂടി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നു. |
| (ബി) | മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ലെങ്കിൽ അവ തയ്യാറാക്കാൻ മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (ബി) | മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. |

സെക്ഷൻ ആഫീസർ